പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2844 22.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ജീവനക്കാർക്കുള്ള ശമ്പളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | ബി) ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതു കാരണം ഡി.ആർ.ഡി.എ കളിൽ ഫണ്ടിന്റെ കുറവ് വന്നതിനാലാണ് ജീവനക്കാർക്ക് യഥാസമയം ശമ്പളം നല്കാൻ കഴിയാതിരുന്നത്. എന്നാൽ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർമാർ ആവശ്യപ്പെട്ടതനുസരിച്ച് 2016 ജനുവരി വരെയുള്ള ശമ്പളം ഗ്രാമവികസന കമ്മീഷണറുടെ ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ